ഭരണഭാഷ - മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം-3

Phone : 0471-2324951
0471-2325071
Tele FAX : 0471-2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. എ1-1001/13/സിഇ/തസ്വഭവ (Vol. IV)

തീയതി. 14.03.2022

# നോട്ടീസ്

വിഷയം : തസ്വഭവ - (LID & EW) - ജീവനക്കാര്യം - സീനിയർ ക്ലർക്ക് തസ്തികയിലെ അന്തിമ മുൻഗണനാപ്പട്ടിക - മാതൃവകുപ്പിലെ സീനിയോരിറ്റി പരിഷ്കരണ തുടർച്ചയിൽ ഈ വകുപ്പിൽ സീനിയോരിറ്റി പുനഃക്രമീകരിക്കുന്നതും, ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതും, കരട് പ്രസിദ്ധീകരിക്കുന്നതും - സംബന്ധിച്ച്

സൂചന :
1) ഈ കാര്യാലയത്തിലെ 10.09.2021-ലെ ഇതേ നമ്പർ അന്തിമ മുൻഗണനാപ്പട്ടിക
2) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ഭരണവിഭാഗം)-ന്റെ 16.12.2021-ലെ CEPWD/7729/2021-SC2(PF)-AD നമ്പർ ഉത്തരവ്
3) ശ്രീമതി. ഗീത എം.എസ്, ശ്രീ. കലേഷ് കുമാർ വി.എസ്, ശ്രീമതി. ഷീജാകുമാരി ആർ, ശ്രീ. നന്ദകുമാർ പി.എം എന്നിവർ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷകൾ

സൂചന (1) പ്രകാരം ഈ വകുപ്പിലെ സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട, നിലവിൽ ആലപ്പുഴ ജില്ലയിലെ തസ്വഭവ സബ്ഡിവിഷൻ മുതുകുളം ബ്ലോക്ക്പഞ്ചായത്തിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ഗീത എം.എസ്-നും, കോഴിക്കോട് ജില്ലയിൽ തസ്വഭവ സബ്ഡിവിഷൻ കൊടുവള്ളി ബ്ലോക്ക്പഞ്ചായത്തിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. നന്ദകുമാർ പി.എം-നും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. കലേഷ് കുമാർ വി.എസ്-നും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ഷീജാകുമാരി ആർ-നും തങ്ങളുടെ മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം യഥാക്രമം 01.11.2005, 21.07.2010, 21.07.2010, 21.08.2010 എന്നീ തീയതികൾ പ്രാബല്യത്തിൽ

പുനഃക്രമീകരിച്ചുകൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചന (1) ഉത്തരവിൽ ക്രമ നം. '80' ശ്രീമതി. ഗീത എം.എസ്-നെ ക്രമനം. 33 ശ്രീമതി. തങ്കമ്മ കെ.കെ-യ്ക്കും, ക്രമ നം. 34 ശ്രീ. ഉദയകുമാർ കെ.പി-യ്ക്കും മധ്യേ ക്രമ നം. 33 A ആയും, ക്രമനം. '85' ശ്രീ. നന്ദകുമാർ വി.എം-നെ ക്രമനം. 75 ശ്രീ. റോബിൻസൺ എക്സ്-നും ക്രമ നം. 76 ശ്രീ. നാസർ എം.പി-യ്ക്കും മധ്യേ ക്രമ നം. 75 A ആയും, ക്രമ നം. '86' ശ്രീ. കലേഷ് കുമാർ വി.എസ്-നെ ക്രമ നം. 75 B ആയും, ക്രമനം. '111' ശ്രീമതി. ഷീജാകുമാരി ആർ-നെ ക്രമ നം. 76 ശ്രീ. നാസർ എം.പി-യ്ക്കും ക്രമ നം. 77 ശ്രീ. വിജയൻ എം-നും മധ്യേ ക്രമ നം. 76 A ആയും താൽക്കാലികമായി ഉൾപ്പെടുത്തുന്നു.

മേൽ തീരുമാനത്തിന് എന്തെങ്കിലും ആക്ഷേപമോ പരാതിയോ ഉള്ള ജീവനക്കാർ ആയത് സാധൂകരിക്കുന്ന രേഖകൾ സഹിതം മേലധികാരി മുഖേന ഈ നോട്ടീസ് ഈ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ

**ജൂനിയർ സൂപ്രണ്ട്**

P 168